പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1753 — 11/02/2013- ൽ മറുപടിക്ക്

## പശുവളർത്തൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ: | ശ്രീ. കെ.പി മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) സംസ്ഥാനത്ത് മുൻവർഷങ്ങളെ അപേക്ഷിച്ച് പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പാൽവില വർദ്ധിപ്പിച്ചിട്ടും പശു വളർത്തൽ ലാഭകരമല്ലാതാകാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) പാൽ വില വർദ്ധിപ്പിച്ചെങ്കിലും ഉത്പാദന ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ പാൽ വില വർദ്ധനവ് പര്യാപ്തമല്ല. കൂടാതെ താഴെപ്പറയുന്ന കാരണങ്ങളും പശുവളർത്തൽ ലാഭകരമല്ലാതാകാനും കന്നുകാലി സമ്പത്ത് കുറയുന്നതിനും കാരണമാകുന്നു.<br>1. കാലിത്തീറ്റയുടെ ഗണ്യമായ വില വർദ്ധന<br>2. പാലിന് ഉൽപ്പാദനച്ചെലവനുസരിച്ച് വില ലഭിക്കാത്തത്<br>3. ദ്രുതഗതിയിലുള്ള നഗരവത്ക്കരണം<br>4. വർദ്ധിച്ച കൂലിച്ചെലവ്<br>5. പുൽകൃഷി ചെയ്യുന്നതിനുള്ള തരിശു ഭൂമിയുടെ ലഭ്യതകുറവ്<br>6. മൃഗസംരക്ഷണ മേഖലയിലുള്ള ബാങ്ക് വായ്പകളിൻമേൻ ഈടാക്കുന്ന ഉയർന്ന പലിശനിരക്ക്<br>7. മെച്ചപ്പെട്ട മറ്റുതൊഴിലവസരങ്ങൾ. |

| | |
|---|---|
| (സി) പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ഗുണമേന്മയുള്ള പാൽ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ? | (സി)പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ഗുണമേന്മയുള്ള പാൽ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ജനിതകമേന്മ കൂട്ടുന്നതിന് സംസ്ഥാനത്ത് ശക്തമായ പ്രജനനനയം നിലവിലുണ്ട്. ഇതിന്റെ ഭാഗമായി പശുക്കൾക്കും എരുമകൾക്കും കൃത്രിമ ബീജാധാനം സൗജന്യമായി നൽകി വരുന്നു. മൃഗാരോഗ്യരംഗത്ത് യഥാസമയത്തുള്ള സമഗ്ര പ്രതിരോധകുത്തിവെയ്പുകൾ, സൗജന്യ ഇൻഷ്വറൻസ് പദ്ധതി, ധാതുലവണ മിശ്രിത വിതരണം, പശുക്കൾക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ, കൂടുതൽ പശുക്കളെയും/ കിടാരികളെയും സംസ്ഥാനത്തേക്ക് പുതുതായി കൊണ്ടുവരുന്ന പദ്ധതികൾ, ഹൈടെക് ഫാമുകൾ സ്ഥാപിക്കൽ, സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ, കർഷക ആത്മഹത്യ നടന്ന ജില്ലകളിൽ പ്രത്യേക പദ്ധതികളിലൂടെ മൃഗങ്ങളെ സംരക്ഷിക്കൽ, തീറ്റപ്പുൽ കൃഷി വർദ്ധിപ്പിക്കൽ, പാൽ ശേഖരണികൾ വർദ്ധിപ്പിക്കൽ, സർക്കാർ ഫാമുകൾ ശക്തിപ്പെടുത്തൽ തുടങ്ങിയവയും, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമായി അവാർഡുകൾ, പഠനയാത്രകൾ, സ്കൂളുകളിൽ മൃഗക്ഷേമ ക്ലബുകൾ തുടങ്ങിയവയും നടത്തി വരുന്നു. ശാസ്ത്രീയമായ രീതിയിൽ കന്നുകാലികളെ പരിപാലിക്കുന്നതിന് വേണ്ട ബോധവൽക്കരണ |

ക്ലാസ്സുകളും ശക്തമായ ഇടപെടലുകളും, സഹായങ്ങളും ലഭ്യമാക്കി വരുന്നു. ഇതു കൂടാതെ മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുത്ത വായ്പയിൻമേലുള്ള പലിശയിൽ ധനസഹായം നൽകുകയും, വർഷം തോറും ജനിക്കുന്ന ഒരു ലക്ഷത്തോളം സങ്കരയിനം പശുക്കുട്ടികളെ സംരക്ഷിയ്ക്കു ന്നതിനും അവയ്ക്ക് സൗജന്യ നിരക്കിൽ തീറ്റ, ഇൻഷ്വറൻസ്, രോഗപരിരക്ഷ എന്നിവ നൽകുന്നതിന് കന്നുകുട്ടി പരിപാലന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ 13-ാം ധനകാര്യ കമ്മീഷൻ, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ്, അർ.കെ.വി.വൈ എന്നിവ യിലൂടെയും കാലിസമ്പത്ത് പരിപോഷിപ്പിക്കുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ